**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 535** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>കേരള ധാതു അവകാശ നിയമം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. രാജൻ

ശ്രീ. പി. പ്രസാദ്

ശ്രീ. കെ. കെ. വത്സരാജ്

ശ്രീമതി ഗീതാ ഗോപി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** ധാതുക്കൾ പോലെയുള്ള പ്രകൃതിവിഭവങ്ങൾ പൊതുനന്മയ്ക്കായി നിയന്ത്രിക്കുകയും വിതരണം നടത്തുകയും ചെയ്യേണ്ട ബാധ്യത സംസ്ഥാനത്തിനാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തിന്റെ പൊതുനന്മക്കായി, 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെയും 2015 ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ്, സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് ധാതുക്കളുടെ ഖനനവും വിതരണവും നടത്തിവരുന്നത്.

**(ബി)** നിയമസഭ പാസാക്കിയ കേരള ധാതു അവകാശ നിയമം ഭരണഘടനാ വിരുദ്ധമാണെന്ന ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. മുൻകാല മലബാർ മേഖലയിലെ ധാതുക്കളുടെ ജന്മം അവകാശവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത റിട്ട് അപ്പീൽ. നമ്പർ 665/2017-ലും അനുബന്ധ കേസുകളിലും ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ച് 2026 ജൂലൈ 16-ന് പ്രസ്താവിച്ച വിധിന്യായത്തിൽ, കേരള നിയമസഭ, 2019 ഡിസംബർ 30 മുതലുള്ള മുൻകാല പ്രാബല്യത്തോടെ പാസ്സാക്കിയ 2021-ലെ കേരള മിനറൽസ് (വെസ്റ്റിംഗ് ഓഫ് റൈറ്റ്സ്) ആക്റ്റ്, ഇന്ത്യൻ ഭരണഘടനയുടെ 14, 19, 21, 300-എ എന്നീ അനുച്ഛേദങ്ങളുടെ ലംഘനമാണെന്നും അതിനാൽ അത് ഭരണഘടനാ വിരുദ്ധമാണെന്നും പ്രഖ്യാപിച്ചിരുന്നു.

**(സി)** ഇക്കാര്യത്തിൽ സർക്കാരിനുവേണ്ടി ഹാജരായ അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നിലപാട് സംശയാസ്പദമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ഡി)** മലബാർ മേഖലയിലെ ധാതുക്കളുടെ അവകാശം സർക്കാരിൽ നിക്ഷിപ്തമാക്കിയുള്ള 2021-ലെ നിയമം അസാധുവാക്കിയ ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയെ സമീപിക്കണമെന്ന

ആവശ്യം സർക്കാർ പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മലബാർ മേഖലയിലെ ധാതുക്കളുടെ അവകാശം സർക്കാരിൽ നിക്ഷിപ്തമാക്കിയുള്ള 2021-ലെ നിയമം അസാധുവാക്കിയ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിയ്ക്കെതിരെ കേരളം സർക്കാർ, ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ 29034 - 29039/2026 നമ്പർ സ്പെഷ്യൽ ലീവ് പെറ്റിഷനുകൾ ഫയൽ ചെയ്യുകയും, അതിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ച്, റോയൽറ്റി തുക തിരികെ നൽകണമെന്ന് നിർദേശിച്ച വിധിന്യായം സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. കേസ് നിലവിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിൽ ആണ്.

**(ഇ)** ഹൈക്കോടതി ഉത്തരവിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽ പോകുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**